# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.07.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഇന്ന് അന്താരാഷ്ട്ര സഹകരണ ദിനം; 2047-ൽ വികസിത ഭാരതം എന്ന ദർശനത്തിന് സഹകരണ സ്ഥാപനങ്ങൾ നിസ്തുല സംഭാവന നൽകുന്നതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

Cooperatives Key to Viksit Bharat 2047 Vision, Says Vice President on International Day of Cooperatives.

2) രാജസ്ഥാനിലെ ജോധ്പൂർ വിമാനത്താവളത്തിലെ പുതിയ ടെർമിനൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. പ്രാദേശിക വ്യോമയാന വികസനം ലക്ഷ്യമിട്ടുള്ള പരിഷ്കരിച്ച 'ഉഡാൻ' പദ്ധതിയും തുടക്കം കുറിച്ചു.

PM Narendra Modi Inaugurates New Jodhpur Airport Terminal, Launches Revamped UDAN Scheme.

3) പ്രധാനമന്ത്രിയുടെ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് സന്ദർശനത്തിന് മറ്റന്നാൾ തുടക്കമാകും.

Prime Minister to Begin Indonesia, Australia and New Zealand Visit Day After Tomorrow.

4) എൽ നിനോ കാരണം രാജ്യത്തെ ചില പ്രദേശങ്ങളിലുണ്ടായ മഴക്കുറവും വരൾച്ചാ സാധ്യതയും വിലയിരുത്തി കേന്ദ്രസർക്കാർ.

Centre Reviews Rain Deficit and Drought Risk in Parts of India Due to El Niño.

5) കേരളത്തിൽ ശക്തമായ മഴ തുടരും. ഇന്ന് പതിനൊന്നു ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരളം , കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മൽസ്യബന്ധനത്തിന് വിലക്ക്.

Heavy Rain to Continue in Kerala; Yellow Alert in Eleven Districts, Fishing Ban Along Kerala, Karnataka and Lakshadweep Coasts.

6) ഫിഫ ലോകകപ്പ് ഫുട്ബോൾ പ്രീ ക്വാർട്ടർ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ആദ്യ പ്രീ ക്വാർട്ടറിൽ കാനഡ - മൊറോക്കോയെ നേരിടും.

FIFA World Cup Pre-Quarterfinals Begin Today; Canada to Face Morocco in First Pre-Quarter.

*******************

**VP HM-COOPERATIVE DAY**

അന്താരാഷ്ട്ര സഹകരണ ദിനമായ ഇന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും കേന്ദ്ര സഹകരണ മന്ത്രി അമിത് ഷായും ജനങ്ങൾക്ക് ആശംസകൾ നേർന്നു. കർഷകരെയും സ്ത്രീകളെയും ചെറുകിട സംരംഭകരെയും ശാക്തീകരിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങൾ വലിയ പങ്കുവഹിക്കുന്നതായി ഉപരാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു. 2047-ൽ വികസിത ഭാരതം എന്ന ദർശനത്തിന് സഹകരണ സ്ഥാപനങ്ങൾ നിസ്തുലമായ സംഭാവനയാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ സംസ്കാരത്തിന്റെയും കൂട്ടായ ശക്തിയുടെയും

സ്വയംപര്യാപ്തതയുടെയും അടിത്തറ സഹകരണമാണെന്ന് ശ്രീ അമിത് ഷാ അഭിപ്രായപ്പെട്ടു.

********************

## PM - JODHPUR AIRPORT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രാജസ്ഥാൻ , ഗുജറാത്ത് സന്ദർശനത്തിന് തുടക്കമായി. രാജസ്ഥാനിലെ ജോധ്പൂർ വിമാനത്താവളത്തിലെ 480 കോടി രൂപ ചെലവിൽ വികസിപ്പിച്ച പുതിയ ടെർമിനൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. പ്രാദേശിക വ്യോമയാന വികസനം ലക്ഷ്യമിട്ടുള്ള പരിഷ്കരിച്ച 'ഉഡാൻ' പദ്ധതിയ്ക്കും അദ്ദേഹം തുടക്കം കുറിച്ചു. ജയ്പൂർ മെട്രോ രണ്ടാം ഘട്ടം ഉൾപ്പടെയുള്ള നിരവധി വികസന പദ്ധതികൾ പ്രധാനമന്ത്രി അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും. വൈകുന്നേരം ഗുജറാത്തിലെത്തുന്ന ശ്രീ മോദി, സാനന്ദിലെ സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റ് ഫെസിലിറ്റി ഉദ്ഘാടനം ചെയ്യും.

********************

## PM-VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി തിങ്കളാഴ്ച മുതൽ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിൽ ആറ് ദിവസത്തെ ഔദ്യോഗിക സന്ദർശനം നടത്തും. ഈ മാസം 6 മുതൽ 8 വരെ ഇന്തോനേഷ്യ സന്ദർശിക്കുന്ന അദ്ദേഹം സമുദ്ര സുരക്ഷാ സഹകരണം ചർച്ച ചെയ്യും. തുടർന്ന് ഓസ്ട്രേലിയയിലെ മെൽബണിലെത്തുന്ന പ്രധാനമന്ത്രി, ഇരുരാജ്യങ്ങളും തമ്മിലുള്ള വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഈ മാസം 10, 11 തീയതികളിൽ അദ്ദേഹം ന്യൂസിലാൻഡിലെത്തുമെന്ന് വിദേശകാര്യമന്ത്രാലയ സെക്രട്ടറി രുദ്രേന്ദ്ര ടണ്ടൻ അറിയിച്ചു.

( വോയിസ്....)

********************

## AMIT SHAH + SIVARAJ CHOUHAN

എൽ നിനോ മൂലം രാജ്യത്തിൻറെ ചില ഭാഗങ്ങളിൽ മഴ കുറഞ്ഞതിൻറെ ആഘാതം സംബന്ധിച്ച സ്ഥിതിഗതികൾ കേന്ദ്രമന്ത്രിമാരായ അമിത് ഷായും ശിവരാജ് സിംഗ് ചൗഹാനും

അവലോകനം ചെയ്തു. ബന്ധപ്പെട്ട എല്ലാ മന്ത്രാലയങ്ങളും ജാഗ്രത പാലിക്കാനും സംസ്ഥാന സർക്കാരുകളുമായി ഏകോപിപ്പിച്ച് കർഷകരെ ബോധവത്കരിക്കാനും ശ്രീ ഷാ നിർദ്ദേശിച്ചു. രാജ്യത്തുടനീളമുള്ള ജലസംഭരണികൾ നിരീക്ഷിക്കാൻ നിർദേശം നല്കിയ ശ്രീ. ഷാ, വെള്ളം അധികം ആവശ്യമില്ലാത്ത ഇതര വിളകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിൻറെ ആവശ്യകതയും എടുത്തു പറഞ്ഞു.

********************

## VP-SIR

വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള പ്രത്യേക തീവ്ര പുനഃപരിശോധനാ നടപടികളുടെ ഭാഗമായി, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് പൂരിപ്പിച്ച വിവരശേഖരണ ഫോം സമർപ്പിച്ചു. ഡൽഹിയിലെ SIR മായി ബന്ധപ്പെട്ട് ഉപരാഷ്ട്രപതി ഭവനിൽ നടന്ന വിവരശേഖരണ നടപടികൾക്ക് ഡൽഹി ചീഫ് ഇലക്ടറൽ ഓഫീസർ, ജില്ലാ ഇലക്ഷൻ ഓഫീസർ തുടങ്ങിയവർ നേതൃത്വം നൽകി.

********************

## INDIA-ISRAEL BIA

ഇന്ത്യാ- ഇസ്രായേൽ ഉഭയകക്ഷി നിക്ഷേപ കരാർ ഇന്ന് പ്രാബല്യത്തിൽ വന്നു. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ ന്യൂഡൽഹിയിലാണ് ഇരു രാജ്യങ്ങളും കരാറിൽ ഒപ്പുവെച്ചത്. ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും സുരക്ഷിതമായ നിക്ഷേപ അന്തരീക്ഷം ഉറപ്പാക്കുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പാണ് കരാറെന്ന് ധനകാര്യ മന്ത്രാലയം അറിയിച്ചു.

********************

## E20 FUEL IMPACT

20 ശതമാനം എഥനോളും 80 ശതമാനം പെട്രോളും ചേർന്ന E20 ഇന്ധനം വാഹനങ്ങളുടെ മൈലേജ് കുറയ്ക്കുന്നുവെന്ന രീതിയിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാദങ്ങൾ തെറ്റാണെന്ന് പഠനങ്ങൾ . ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഡെറാഡൂണിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

പെട്രോളിയം, സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് പരീക്ഷണങ്ങൾ നടത്തിയത്.

********************

## RAIN - KERALAM

കേരളത്തിൽ ശക്തമായ മഴ തുടരും. തിരുവനന്തപുരം , കൊല്ലം , പത്തനംതിട്ട ഒഴികെയുള്ള പതിനൊന്നു ജില്ലകളിൽ കേന്ദ്രകലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം , ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മൽസ്യബന്ധനത്തിനു വിലക്കേർപ്പെടുത്തി. കർണാടക തീരത്ത് ചൊവ്വാഴ്ച വരെയും മൽസ്യബന്ധനം വിലക്കിയിട്ടുണ്ട്.

********************

## K Muraleedharan

സംസ്ഥാനത്ത് മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതായും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ആരോഗ്യ മന്ത്രി കെ. മുരളീധരൻ. നിപ ഉറവിടം സംബന്ധിച്ച കാര്യങ്ങൾക്ക് വിഗദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് കാത്തിരിക്കുന്നുവെന്നും മന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

********************

## VP-VIVEKANANDA

സ്വാമി വിവേകാനന്ദന്റെ ചരമവാർഷികമായ ഇന്ന് സ്മരണാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഇന്ത്യയെക്കുറിച്ചുള്ള സ്വാമി വിവേകാനന്ദന്റെ ദർശനം രാഷ്ട്രത്തിന്റെ യാത്രയെ എല്ലായ്പ്പോഴും ഊർജ്ജസ്വലതയോടെ നയിക്കുകയാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

********************

## VENEZUELA - PM PMODI

ഭൂകമ്പം നാശം വിതച്ച വെനിസ്വേലയ്ക്ക് സമയബന്ധിതമായി സഹായമെത്തിച്ചതിന് ഇന്ത്യൻ സർക്കാരിനും പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കും നന്ദി അറിയിക്കുന്നതായി വെനിസ്വേല വിദേശകാര്യ മന്ത്രി ഇവാൻ ഗിൽ. ഓപ്പറേഷൻ

അമിസ്റ്റാഡിന്റെ കീഴിൽ സ്ഥാപിച്ച ഇന്ത്യൻ സൈന്യത്തിന്റെ ആശുപത്രി അദ്ദേഹം സന്ദർശിച്ചു. കഴിഞ്ഞ മാസം 24 നുണ്ടായ ഇരട്ട ഭൂകമ്പങ്ങളെത്തുടർന്നാണ് വെനിസ്വേലയെ പിന്തുണയ്ക്കുന്നതിനായി ഇന്ത്യ ഓപ്പറേഷൻ അമിസ്റ്റാഡ് ആരംഭിച്ചത്.

********************

## PM- PERU

പെറുവിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വിജയിച്ച കെയ്കോ ഫുജിമോറിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പെറുവുമായുള്ള അടുത്ത സൗഹൃദത്തിന് ഇന്ത്യ വലിയ പ്രാധാന്യം നൽകുന്നുണ്ടെന്നും, ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

********************

## IRAN-KHAMENEI FUNERAL

ഇറാൻ മുൻ പരമോന്നത നേതാവ് ആയത്തുള്ള സെയ്ദ് അലി ഖമേനിയുടെ ശവസംസ്കാര ചടങ്ങുകൾക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ടെഹ്റാനിലെ ഗ്രാൻഡ് മൊസല്ലയിൽ ആയത്തുള്ള അലി ഖമേനിക്ക് മുതിർന്ന ഇറാനിയൻ നേതാക്കളും സൈനിക മേധാവികളും ലോക നേതാക്കളും ആദരാഞ്ജലി അർപ്പിച്ചു. ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റയും ബിഹാർ ഗവർണർ ലെഫ്റ്റനന്റ് ജനറൽ സയ്യിദ് അതാ ഹസ്നൈനും പങ്കെടുത്തു. ഫെബ്രുവരി 28 നാണ് ഇസ്രായേൽ, യുഎസ് വ്യോമാക്രമണങ്ങളിൽ ഖമേനി കൊല്ലപ്പെട്ടത്.

********************

## FIFA WORLDCUP(INTRO)

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് പ്രീ ക്വാർട്ടർ മത്സരങ്ങൾക്ക് തുടക്കമാകും. രാത്രി 10.30 നു നടക്കുന്ന ആദ്യ പ്രീ ക്വാർട്ടറിൽ കാനഡ - മൊറോക്കോയെ നേരിടും. അവസാനം നടന്ന നോക്കൗട്ടുകളിൽ വിജയിച്ച് അർജന്റീനയും ഈജിപ്റ്റും കൊളംബിയയും പ്രീ ക്വാർട്ടറിൽ ഇടം നേടിയിട്ടുണ്ട്.

വിശദാംശങ്ങളിലേക്ക്....
( വോയിസ്....)

*ഫുട്ബോൾ പ്രേമികളെ ആവേശത്തിലാക്കിയ പോരാട്ടത്തിനൊടുവിൽ കാബോ വെർദെ-യെ രണ്ടിനെതിരെ 3 ഗോളിന് പരാജയപ്പെടുത്തിയാണ് അർജന്റീനയുടെ മുന്നേറ്റം. അരങ്ങേറ്റത്തിൽ തന്നെ കളിക്കളത്തിൽ വിസ്മയമായ കാബോ വെർദെ ഇതോടെ ഈ ലോകകപ്പിൽ നിന്ന് കളമൊഴിയും. ഓസ്ട്രേലിയയെ പെനാൽറ്റി ഷൂട്ടൗട്ടിൽ രണ്ടിനെതിരെ 4 ഗോളിന് പരാജയപ്പെടുത്തിയാണ് ഈജിപ്റ്റ് പ്രീക്വാർട്ടറിലെത്തിയത്. ഘാനയെ 1-0 ന് പരാജയപ്പെടുത്തി കൊളംബിയയും അടുത്ത ഘട്ടത്തിൽ ഇടം നേടിയിട്ടുണ്ട്. ഇന്ത്യൻ സമയം പുലർച്ചെ 2.30 ന് നടക്കുന്ന പ്രീ ക്വാർട്ടർ മത്സരത്തിൽ പരാഗ്വേ - ഫ്രാൻസിനെ നേരിടും.*
***ന്യൂസ്ഡെസ്ക് ആകാശവാണി....***

********************

## T- 20 CRICKET

ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന് നടക്കും. രാത്രി ഏഴിന് മാഞ്ചസ്റ്ററിലാണ് മത്സരം. അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

********************

## REV. HOME MINISTRY - TERRORIST

പാകിസ്ഥാനിൽ സ്ഥിര താമസക്കാരായ , ജെയ്ഷെ-ഇ-മുഹമ്മദ്, ലഷ്കർ-ഇ-തൊയ്ബ തുടങ്ങിയ സംഘടനകളുമായി ബന്ധമുള്ള , 23 വ്യക്തികളെ UAPA നിയമ പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം തീവ്രവാദികളായി പ്രഖ്യാപിച്ചു. ജമ്മു കശ്മീരിലെ നുഴഞ്ഞുകയറ്റം, തീവ്രവാദ റിക്രൂട്ട്മെന്റ്, ആയുധ വിതരണം, ആക്രമണങ്ങൾ ആസൂത്രണം ചെയ്യൽ എന്നിവയിൽ ഉൾപ്പടെ ഇവർക്ക് പങ്കുള്ളതായാണ് കണ്ടെത്തൽ.

********************

## GUJARAT ANTI TERRORIST SQUAD

പാകിസ്ഥാൻ കേന്ദ്രമായി പ്രവർത്തിക്കുന്ന നിരോധിത ഭീകര സംഘടനയായ ജെയ്ഷെ-മുഹമ്മദുമായി ബന്ധമുള്ള എട്ടുപേരെ ഗുജറാത്ത് ഭീകരവിരുദ്ധ സേന അറസ്റ്റ് ചെയ്തു. ഗുജറാത്തിലെയും മധ്യപ്രദേശിലെയും വിവിധയിടങ്ങളിൽ ഇന്നലെ നടത്തിയ പരിശോധനകളിലാണ് ഇവരെ പിടികൂടിയത്. ഗുജറാത്തിൽ ജെയ്ഷെ-മുഹമ്മദിനുവേണ്ടി സജീവമായി പ്രവർത്തിച്ചു വരികയായിരുന്നവരാണ് പിടിയിലായത്.

********************

## GOLD

സ്വർണവില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 1,07,600 രൂപയും ഗ്രാമിന് 13,450 രൂപയുമാണ് ഇന്നത്തെ വില.

********************

## US-INDEPENDENCE DAY

സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ 250-ാം വാർഷിക ആഘോഷ നിറവിൽ അമേരിക്ക. 1776-ൽ 13 അമേരിക്കൻ കോളനികൾ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ഔദ്യോഗികമായി സ്വാതന്ത്ര്യം പ്രഖ്യാപിച്ചതിനെ അനുസ്മരിക്കാനും അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ ഒപ്പുവച്ചതിന്റെ ആദരസൂചകവുമായാണ് ജൂലൈ നാല് ആഘോഷം സംഘടിപ്പിക്കുന്നത്.

********************

## J-K-HOLY CAVE

അമർനാഥ് യാത്രയുടെ ഭാഗമായി ഇന്നലെ, ബാൽതാൽ, പഹൽഗാം ഇരട്ട ബേസ് ക്യാമ്പുകളിൽ നിന്ന് 12,168 തീർത്ഥാടകർ ഗുഹാക്ഷേത്രത്തിലെത്തി. 48 കി. മീ ദൈർഘ്യമുള്ള നുൻവാൻ-പഹൽഗാം പാതയിലൂടെയും 14 കിലോമീറ്റർ ദൈർഘ്യമുള്ള ബാൽതാൽ പാതയിലൂടെയും പുലർച്ചെയോടെയാണ് യാത്ര ആരംഭിച്ചത്.

********************

## CENSUS

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണം പുരോഗമിക്കുന്നു. കേരളത്തിൽ ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും.

********************

**************

*********